(സി) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനു മുൻപ് ഏറെടുത്തതും പിന്നീട് മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചതുമായ 49 പദ്ധതികളിൽ 13 എണ്ണം പൂർത്തിയായി. ഈ പദ്ധതികൾക്കായി മൊത്തം 13.40 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ഇനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. ‡

അന്നനാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

1319. [1789] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി നിയോജകമണ്ഡലത്തിലുള്ള കല്ലൂർ വടക്കുംമുറി പഞ്ചായത്തിൽപ്പെട്ട അന്നനാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തിക്ക് എന്നാണ് തുടക്കം കുറിച്ചത് ;

(ബി) ഈ പരിപാടി എന്നത്തേക്കു ഉത്ഘാടനം ചെയ്യുവാൻ സാധിക്കുമെന്ന് പറയാമോ ;

(സി) ഇതിനുവേണ്ട പണം അനുവദിക്കുമോ ;

(ഡി) ഈ പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) 19-5-1975-ൽ

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. പമ്പും മോട്ടോറും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പണികൾ 86 മാർച്ചു മാസത്തോടുകൂടി തീർത്തു ഉത്ഘാടനം ചെയ്യാമെന്നു പ്രതീക്ഷിക്കുന്നു.

(സി) വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പ്രവർത്തനങ്ങൾ പരമാവധി ത്വരിതഗതിയിലാണ് നടക്കുന്നത്.

മുനിപ്പാറ ലിഫ്റ്റ് ഇറിഗേഷൻ

1320. [1790] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി നിയോജകമണ്ഡലത്തിലുള്ള പരിയാരം പഞ്ചായത്തിലെ മുനിപ്പാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലുള്ള മോട്ടോറിനു കേടു വന്നിരിക്കുന്നു എന്നതു ശരിയാണോ ;

(ബി) ഇത് നന്നാക്കുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി, സി) മോട്ടോറിനും പമ്പിനും കേടുവന്നു എന്നതു ശരിയല്ല. എന്നാൽ ഇപ്പോഴുള്ള മോട്ടോർ ഉപയോഗിച്ച് മുഴുവൻ ഭൂമിയിലും പ്രയോജനം എത്തിക്കുവാൻ ബുദ്ധിമുട്ടുണ്ട്. കൂടുതൽ ശക്തിയുള്ള മോട്ടോർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

‡ അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly